പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 494 **13-10-2026-ൽ മറുപടിയ്ക്ക്**

വടകരയിലെ വ്യവസായ സംരംഭങ്ങളുടെ വളർച്ച

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വടകര നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകളുടെ എണ്ണവും അവ നേരിട്ടും പരോക്ഷമായും ലഭ്യമാക്കുന്ന തൊഴിൽ അവസരങ്ങളുടെ എണ്ണവും വ്യക്തമാക്കാമോ;

മറുപടി: വടകര നിയോജകമണ്ഡലത്തിൽ നിലവിൽ 3330 എം.എസ്.എം.ഇ. യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതുവഴി 7578 നേരിട്ടുള്ള തൊഴിലവസരങ്ങളും 1500 പരോക്ഷമായ തൊഴിലവസരങ്ങളും ലഭ്യമാണ്.

(ബി) മണ്ഡലത്തിലെ പരമ്പരാഗത വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണം, കൈത്തറി, വുഡ് ഇൻഡസ്ട്രീസ്, കാർഷികാധിഷ്ഠിത സംരംഭങ്ങൾ തുടങ്ങിയ മേഖലകളിലെ സംരംഭകർക്ക് നൽകിവരുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ എന്തെല്ലാമാണ്;

മറുപടി: സംരംഭക സഹായ പദ്ധതി, മാർജിൻ മണി ഗ്രാന്റ്, പലിശ സബ്സിഡി, മിഷൻ 1000, കൈത്തറി സംരംഭങ്ങൾക്ക് ആശ (ASHA) തുടങ്ങിയ സാമ്പത്തിക സഹായവും അഡ്വാൻസ്ഡ് ടെക്നോളജി അപ്ഗ്രഡേഷൻ സഹായങ്ങൾ, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനങ്ങൾ, ഉൽപ്പന്ന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നീ സാങ്കേതിക സഹായങ്ങളും ജില്ലാ വ്യവസായ കേന്ദ്രം മുഖേന നൽകി വരുന്നു.

(സി) വടകര നിയോജകമണ്ഡലത്തിൽ കൂടുതൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ വ്യവസായ ഭൂമി, അടിസ്ഥാനസൗകര്യങ്ങൾ, വ്യവസായ എസ്റ്റേറ്റ്/മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

മറുപടി: വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദേശം നൽകുന്നതാണ്.

(ഡി) വടകര മണ്ഡലത്തിന്റെ പ്രാദേശിക വിഭവങ്ങളും ഭക്ഷ്യ-തീരദേശ-കാർഷിക വിഭവ സാധ്യതകളും പ്രയോജനപ്പെടുത്തി പുതിയ വ്യവസായ ക്ലസ്റ്ററുകളും മത്സ്യബന്ധനമേഖലയിലെയും

നാളികേര ഉൽപ്പന്ന മേഖലയിലെയും ഉൾപ്പടെ മൂല്യവർധിത ഉൽപ്പന്ന യൂണിറ്റുകളും ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ